"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മുതലപ്പൊഴി മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ-LAR 64/10 നമ്പർ കേസിന്റെ വിധിത്തുക അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.214/2023/F&P തീയതി, തിരുവനന്തപുരം, 13-03-2023

---

പരാമർശം:-

1. 18/03/2019-ലെ സ.ഉ.(സാധാ)നം.32/2019/ധന.
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.12.2021, 27.07.2022, 15.02.2023 തീയതികളിലെ എ2/55415/ 2021/സി.ഇ. നമ്പർ കത്തുകൾ.

**ഉത്തരവ്**

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. ആറ്റിങ്ങൽ സബ് കോടതിയിലെ LAR 64/10 നമ്പർ കേസിന്റെ വിധിത്തുകയും, 31.03.2023 വരെയുള്ള 15% പലിശയും ഉൾപ്പടെ 1,85,776/- (ഒരു ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുനൂറ്റി എഴുപത്തി ആറ് രൂപ മാത്രം) രൂപയാണെന്നും, ടി തുക റീഅപ്രോപ്പിയേഷൻ ചെയ്യുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളിൽ ഫണ്ട് അപര്യാപ്തമായതിനാൽ സർക്കാരിനുണ്ടാകുന്ന പലിശ നഷ്ടത്തിൽ നിന്നും ഒഴിവാക്കുന്നതിനായി "4405-00-104-55-Land acqusition of Fishing Harbour" എന്ന ശീർഷകത്തിൽ ടി തുകയും, ഭരണാനുമതിയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം 2 പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് എഞ്ചിനീയറുടെ അപേക്ഷയുടെയും, പരാമർശം 1 സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ മുതാലപ്പൊഴി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട LAR 64/10 നമ്പർ കേസിന്റെ വിധിത്തുകയും പലിശയും ഉൾപ്പെടെ 1,85,776/- രൂപ (ഒരു ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുനൂറ്റി എഴുപത്തി ആറ് രൂപ മാത്രം) "4405-00-104-55-Land acqusition of Fishing Harbours (Plan Charged)" ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതീഷ്.എസ്.ധരൻ
അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ